# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 396 28.05.2019-ൽ മറുപടിക്ക്

## ഉദ്ഖനന ഗവേഷണരംഗം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.റ്റി.വി.രാജേഷ്

ശ്രീ.വി. അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്ഖനന ഗവേഷണ രംഗത്ത് കൈവരിച്ച നിർണായക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിലെ പുവമ്പായി, വിയ്യൂർ, ഇച്ചന്നൂർ, നെല്ലൂർ എന്നീ സ്ഥലങ്ങളിൽ കണ്ടെത്തിയ മഹാശിലായുഗ സ്മാരകങ്ങളിൽ ശ്രദ്ധേയമായ ഉദ്ഖനനങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. 2000 വർഷത്തിലധികം പഴക്കമുള്ള മഹാശിലായുഗ സ്മാരകങ്ങളിൽ നിന്നും കറുപ്പും, ചുവപ്പും കലർന്ന വിവിധതരത്തിലുള്ള മൺപാത്രങ്ങൾ, ഇരുമ്പായുധങ്ങൾ, മുത്തുമണികൾ, വെള്ളാരം കല്ലിൽ നിർമ്മിച്ച മദ്ധ്യശിലായുഗത്തിലെ സൂക്ഷ്മശിലായുധങ്ങൾ എന്നിവ ലഭിക്കുകയുണ്ടായി. പിന്നീട് കൊച്ചി രാജവംശമെന്ന് അറിയപ്പെട്ട മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനമായ പെരുമ്പടപ്പിലെ ഏക ശേഷിപ്പായ വലിയ കിണറിൽ വിപുലമായ ഉദ്ഖനനം വകുപ്പ് നടത്തുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ ആറൻമുള പഞ്ചായത്തിൽ പമ്പ നദീതട തീരത്ത് വിവിധ തരത്തിലുള്ള കളിമൺ ശിൽപങ്ങൾ വകുപ്പ് ഉദ്ഖനനം നടത്തി കണ്ടെത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സെമിനാറും നടത്തി. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് നിലവിൽ ഉദ്ഖനന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്; | (ബി) | നിലവിൽ ഒരു സ്ഥലത്തും ഉദ്ഖനനം നടത്തുന്നില്ല |
| (സി) | ഉദ്ഖനനത്തിലൂടെ ലഭിക്കുന്ന ചരിത്രാവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് | (സി) | ഉദ്ഖനനത്തിലൂടെ ലഭിക്കുന്ന ഒട്ടുമിക്ക പുരാവസ്തുക്കളും അതാത് പ്രദേശങ്ങളുടെ പരിധിയിൽ വരുന്ന മ്യൂസിയങ്ങളിൽ സൂക്ഷിക്കാറുണ്ട്. ആറൻമുളയിൽ നിന്നും |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | ലഭിച്ച വസ്തുക്കൾ അവിടെ പ്രാദേശിക മ്യൂസിയം സജ്ജീകരിച്ച് സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ചരിത്രരേഖകൾ കണ്ടെത്തുന്നതിന് സംസ്ഥാന സാക്ഷരതാമിഷനുമായി ചേർന്ന് നടത്തുന്ന ചരിത്രരേഖാസർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കേരളത്തിന് അതിവിശാലമായ ഒരു ചരിത്ര ശേഖരമുണ്ട്. കേരളത്തിന്റെ ഈ ചരിത്ര പൈതൃകങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമായ ഒരു സാംസ്കാരിക ദൗത്യമാണ്. എന്നാൽ നമ്മുടെ സംസ്കൃതിയുടെ ഓർമ്മകളായ ഈ ചരിത്രരേഖകൾ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ജനങ്ങൾ വേണ്ടവിധം മനസ്സിലാക്കുന്നില്ല. ഇത് മറികടക്കുന്നതിനായി സംസ്ഥാന പുരാരേഖാ വകുപ്പ് ജനകീയ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി കേരളത്തിലുടനീളം ചരിത്രരേഖാ സർവ്വേയും വിവിധ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു .ഇതിന്റെ ഭാഗമായി സംസ്ഥാന സാക്ഷരതാമിഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ചരിത്രരേഖാ . സർവ്വെ പദ്ധതിയുടെ, ഉദ്ഘാടനം 2019 മെയ് 9:ാം തീയതി പ്രശസ്ത കവിയും ജ്ഞാനപീഠ ജേതാവുമായ ശ്രീ.ഒ.എൻ.വി കുറുപ്പിന്റെ വസതിയിൽ വച്ച് അദ്ദേഹത്തിന്റെ സ്വകാര്യ ശേഖരത്തിലെ കൈയ്യെഴുത്ത് പ്രതികളും അപൂർവ്വങ്ങളായ പുസ്തകങ്ങളും ഏറ്റുവാങ്ങിക്കൊണ്ടു നിർവഹിക്കുകയുണ്ടായി.<br><br>ചരിത്ര രേഖാ സർവ്വേ നടത്തുക, ചരിത്രരേഖാ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക, ചരിത്രരേഖാ സംരക്ഷണത്തെക്കുറിച്ച് പ്രേരക് മാർക്കും തുടർ വിദ്യാഭ്യാസ പ്രവർത്തകർക്കും പരിശീലനം നല്കുക, ജനകീയ പങ്കാളിത്തത്തോടെ ചരിത്ര രേഖാ സർവ്വേയും, ചരിത്ര രേഖാ സംരക്ഷണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ചരിത്രരേഖാ സർവ്വേ സാക്ഷരതാ മിഷന്റെ 642 തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുകയുണ്ടായി. അതിലേയ്ക്കായി സെൻറർ കോ-ഓർഡിനേറ്റർമാരായ പ്രേരക് മാർക്കും തുടർവിദ്യാഭ്യാസ പ്രവർത്തകർക്കും , പരിശീലനം, ജനകീയ സംഘാടക സമിതികളുടെ രൂപീകരണം, |

| | | | |
|---|---|---|---|
| | | | സർവ്വേ ഫോറം അച്ചടി വിതരണം, സർവ്വേ സംഘാടനവും ചരിത്രരേഖാ പ്രദർശനവും, ചരിത്രരേഖാ സർവ്വേ, അവലോകന യോഗങ്ങൾ, സെമിനാറുകൾ, തുടങ്ങിയവ സമയബന്ധിതമായി നടത്തിയിട്ടുണ്ട്. പുരാരേഖാ വകുപ്പ് സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ചരിത്ര രേഖകളുടെ രജിസ്റ്റർ തയ്യാറാക്കൽ, പ്രാഥമിക സംരക്ഷണ പ്രവർത്തനങ്ങൾ നല്കൽ തുടങ്ങിയ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**